C2/50/2024-LBRD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - മരട് ഐ.ടി.ഐ യിലെ ഐ ടി ലാബ് സജ്ജീകരിക്കുന്നതിനായി കംപ്യൂട്ടറുകൾ (12 എണ്ണം) CPRCS പോർട്ടൽ മുഖാന്തിരം M/s കെൽട്രോണിൽ നിന്നും സംഭരിക്കുന്നതിന് ഭരണാനുമതിയും സംഭരണാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ.(സാധാ) നം.663/2025/LBR തീയതി,തിരുവനന്തപുരം, 31-05-2025

---

പരാമർശം:-

1. സ.ഉ.(അ)നം.102/2017/ധന, തീയതി 07/08/2017
2. സ.ഉ.(കൈ)നം.15/2018/ഐ.റ്റിഡി, തീയതി 01/08/2018
3. ട്രെയിനിംഗ് ഡയറക്ടറുടെ 08/05/2025 ലെ DT/5484/2023-E1 നമ്പർ കത്ത്.

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലുള്ള മരട് ഐ.ടി.ഐ യിലെ ഐ.ടി ലാബ് സജ്ജീകരിക്കുന്നതിനായി 2025-26 സാമ്പത്തിക വർഷം കംപ്യൂട്ടറുകൾ (12 എണ്ണം) 4,64,892/- രൂപക്ക് CPRCS പോർട്ടൽ മുഖാന്തിരം M/s കെൽട്രോണിൽ നിന്നും സംഭരിക്കുന്നതിനുള്ള ഭരണാനുമതിയും സംഭരണാനുമതിയും നൽകണമെന്നും ഇതിനാവശ്യമായ തുക "2230-03-101-87-Modernisation of ITIs-34-Other charges-03-Other Items-Plan-2025-26" ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതിയും നൽകണമെന്നും പരാമർശം 3 ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മരട് ഐ.ടി.ഐ യിലെ ഐ ടി. ലാബ് സജ്ജീകരിക്കുന്നതിന് 12 കംപ്യൂട്ടറുകൾക്കായി 4,64,892/- (നാല് ലക്ഷത്തി അറുപത്തിനാലായിരത്തി എണ്ണൂറ്റിതൊണ്ണൂറ്റി രണ്ട് രൂപ മാത്രം) രൂപ "2230-03-101-87-Modernisation of ITIs-34-Other charges-03-Other Items-Plan-2025-26" ശീർഷകത്തിൽ നിന്നും ചെലവഴിച്ച് CPRCS പോർട്ടൽ മുഖാന്തിരം M/s കെൽട്രോണിൽ നിന്നും സംഭരിക്കുന്നതിന് ഭരണാനുമതിയും സംഭരണാനുമതിയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ എസ്

അണ്ടർ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ)

പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Usha Rani L
Date: 02-06-2025 16:25:01

സെക്ഷൻ ഓഫീസർ

പകർപ്പ് - പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്